


**ആമുഖം**

ഇടുക്കി ജില്ലയിലെ  മലയോര ഗ്രാമമായ ബഥേലിലെ സാധാരണക്കാരായ  ജനതയുടെ മക്കൾക്ക്  അറിവിന്റെ വിശാലമായ ലോകത്തിലേക്കുള്ള വാതിൽ മലർക്കെ തുറന്നിട്ടു കൊണ്ട് നിലകൊള്ളുന്ന വിദ്യാകേന്ദ്രമാണ് സെന്റ് .ജേക്കബ്സ് യു .പി .സ്കൂൾ ബഥേൽ. 1979 ൽ സ്ഥാപിതമായ ഈ വിദ്യാലയം ഒട്ടേറെ പ്രതിഭാധനരായ വിദ്യാർത്ഥികളെ വാർത്തെടുത്തിട്ടുണ്ട്.അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ക്രിയാത്മകമായ ഇടപെടലിലൂടെ ഉത്തമമായ ഒരു  തലമുറയെ വാർത്തെടുക്കുക എന്നതാണ് ഈ വിദ്യാലയത്തിന്റെ ലക്ഷ്യം .

അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യലയം | സെന്റ് .ജേക്കബ്സ് യു . പി. സ്കൂൾ , ബഥേൽ |
| വിലാസം | ബഥേൽ പി .ഒ , ഇടുക്കി. |
| റവന്യൂ ജില്ല | ഇടുക്കി |
| വിദ്യാഭ്യാസ ജില്ല | കട്ടപ്പന |
| വിദ്യാഭ്യാസ ഉപജില്ല | കട്ടപ്പന |
| പഞ്ചായത്ത് | വാത്തിക്കുടി |
| വില്ലേജ് | |
| വിദ്യലയത്തിന്റെ തരം | എയ്ഡഡ്  യു .പി |
| ആകെ കുട്ടികൾ | 128 |
| അധ്യാപകർ | എൽ പി യിലും യുപിയിലുമായി ആകെ  11 പേർ |

**ഈ അധ്യയന വർഷക്കാലത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ**

എല്ലാ കുട്ടികളും വായിക്കാനും എഴുതാനും കഴിയുന്നവരാകുക എന്നതാണ് പരമ പ്രധാനമായ ലക്ഷ്യം . ഇതിനായി എസ് .ആർ .ജി യിൽ കൂടിയാലോചിച്ച് താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ തീരുമാനമെടുത്തു.

**എന്റെ മലയാളം**

വായിക്കാനും എഴുതാനും കഴിയാത്ത കുട്ടികളെ അതിന് പ്രാപ്തരാക്കുന്നതിനായി അത്തരം പ്രയാസം നേരിടുന്നവരെ കണ്ടെത്തി പ്രത്യേകം ക്ളാസ്സുകൾ അവർക്കായി ഒരുക്കി അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു. ഇതിനായി പദക്കാർഡുകൾ , അക്ഷരങ്ങൾകൊണ്ട് ചിത്രങ്ങൾ , അക്ഷരവൃക്ഷമൊരുക്കൽ ,ലൈബ്രറി പുസ്തക വായന , ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ ,ചർച്ചകൾ , തുടങ്ങിയവ സംഘടിപ്പിക്കുന്നു.

നേട്ടങ്ങൾ കൈവരിക്കുന്നവർക്ക് പ്രത്യേക സമ്മാനങ്ങൾ നൽകി മറ്റുള്ളവർക്ക് പ്രചോദനം നൽകുന്നു.

**MY ENGLISH**

ഇംഗ്ളീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിനായി അധ്യാപകരും കുട്ടികളും ഉൾപ്പെടുന്ന ഇംഗ്ളീഷ് ദിനം ആഴ്ചയിലൊരിക്കൽ നടത്തുന്നു.ഇംഗ്ളീഷ് പദക്കാർഡുകൾ , കവിതകൾ ,പ്രസംഗ പരിശീലനം , ദൈനം ദിന ജീവിതത്തിൽ ഉപയോഗിക്കിന്നതിനുള്ള സ്പോക്കൺ ഇംഗ്ളീഷ് പരിശീലനം ,ഉച്ചാരണ പരിശീലനം , ലൈബ്രറി പുസ്തകങ്ങളുടെ ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിനായി ഉപയോഗിക്കുന്നു.

**ഗണിതം മധുരം**

സംഖ്യാബോധം ഉറപ്പിക്കുന്നതിനുള്ള ഗണിത കേളികൾ നല്കി കുട്ടികളിൽ ഗണിത പഠനത്തിനുള്ള താത്പര്യം സൃഷ്ടിക്കുന്നു. തുടർന്ന പട്ടികകൾ ഹൃദിസ്ഥമാക്കുന്നതിനുള്ള പ്രവർത്തനം -ഓർക്കാം എഴുതാം എന്ന പ്രവർത്തനം അവതരിപ്പിക്കുന്നു.

**സ്കൂൾ അസംബ്ലി**

കുട്ടികളിൽ അച്ചടക്കം ഉണ്ടാക്കുന്നതിനും ദൈനം ദിന പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതിനും എല്ലാ ദിവസവും അസംബ്ലി നടത്തുന്നതാണ്.

ഇത്തരം കൂടിച്ചേരലുകളിൽ പത്രവായന ,പൊതുവിജ്ഞാനം ,ചിന്താശകലങ്ങൾ , എന്നിവ ഉൾപ്പെടുത്തും.

ഇതിന്റെ നടത്തിപ്പ് ഓരോ ക്ലാസ്സുകൾക്കായിരിക്കും.

ഇവിടെ അവതരിപ്പിക്കപ്പെടുന്ന പൊതുവിജ്ഞാന ചോദ്യങ്ങൾ ഉൾപ്പെടുത്തി മാസത്തിന്റെ അവസാനം ക്വിസ് മത്സരങ്ങൾ എൽ.പി തലം ,യു.പി തലം എന്നിങ്ങനെ വെവ്വേറെ നടത്തും. ഫെബ്രുവരി മാസത്തിൽ ഈ ചോദ്യങ്ങൾ ഉപയോഗിച്ച് മെഗാ ക്വിസ് നടത്തി വിജയികൾക്ക് വിദ്യാലയ വാർഷികാഘോഷത്തിൽ വച്ച് സമ്മാനങ്ങൾ വിതരണം നടത്തും.

**യൂണിറ്റ് ടെസ്റ്റുകൾ**

ഓരോ മാസത്തിലും യുണിറ്റ് ടെസ്റ്റുകൾ കൃത്യമായി നടത്തുകയും അവയുടെ വിശകലനം എസ്.ആർ.ജി.യിൽ നടത്തുകയും പിന്തുണ വേണ്ടവർക്ക് അത് ഉറപ്പാക്കുകയും ചെയ്യും. ഇത്തരം യുണിറ്റ് ടെസ്റ്റുകളുടെ ഫലങ്ങൾ രക്ഷകർത്താക്കളുമായി പങ്കു വയ്ക്കുകയും അവരുടെ പിന്തുണ പഠനപ്രവർത്തനത്തിൽ ഉറപ്പാക്കുകയും ചെയ്യും.

**മത്സര പരീക്ഷകൾ**

യു.എസ് .എസ് ,എൽ.എസ്.എസ് ,അക്കാദമിക സ്കോളർഷിപ്പ് പരീക്ഷകൾ എന്നിവയ്ക്ക് കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുകയും അവർക്ക് പരിശീലനം നൽകി വിജയം ഉറപ്പാക്കുകയും ചെയ്യും.ഇതിനായി അദ്ധ്യാപകരുടെ കൂട്ടായ പരിശ്രമം അത്യന്താപേക്ഷിതമാണ്.

**പേരന്റ്സ് മീറ്റിംഗുകൾ**

എല്ലാ മാതാപിതാക്കളുമായും ഊഷ്മളമായ ഒരു ബന്ധം കാത്തുസൂക്ഷിക്കുകയെന്ന ഉദ്ദേശത്തോടെ ഭവനസന്ദർശനങ്ങൾ നടത്തുകയും ക്ലാസ്സ് പി.റ്റി.എ കൾ വിളിച്ചുചേർത്ത് കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്യും . ഇതുവഴി പഠന നിലവാരം ഉയർത്തുന്നതാണ് ലക്ഷ്യം വയ്ക്കുന്നത്.

**വേഡ് വാൾ**

വിദ്യാലയ അങ്കണത്തിൽ കുട്ടികൾക്ക് അക്ഷരങ്ങളും വാക്കുകളും എഴുതുന്നതിനായി 4 x 2.5 cm വലുപ്പത്തിൽ ഒരു ബോർഡ് സ്ഥാപിച്ച് ഓരോദിവസവും കുട്ടികൾക്ക് അവരുടേതായി ഒരു വാക്കെങ്കിലും എഴുതുന്നതിന് അവസരം നൽകുന്ന .ഈ പ്രവർത്തനം കുറച്ചു കഴിയുമ്പോൾ വാചകങ്ങലിലേക്ക് മാറുകയും ചെയ്യും. മികച്ച രീതിയിൽ ഈ പ്രവർത്തനം നടത്തുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നല്കുന്നതാണ് .

**പ്രതിദിന ക്വിസ്**

ഓരോ ദിവസവും സ്കൂൾ അസംബ്ളിയിൽ പൊതുവിജ്ഞാന ചോദ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ചൊദ്യങ്ങൾ ചോദിക്കുകയും അത് ബോർഡിലെഴുതി പ്രദർശിപ്പിക്കുകയും ചെയ്യുന്നു, ഇതിനെ അടിസ്ഥാമാക്കി ഓരോ മാസത്തിന്റയും അവസാനം ക്വിസ് മത്സരങ്ങൾ

നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നല്കി അറിവ് സ്വായത്തമാക്കുന്നതിന് കുട്ടികളെ പ്രേരിപ്പിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു. ഈ പ്രവർത്തനം എൽ.എസ്.എസ് , യു.എസ്.എസ് പരീക്ഷകൾക്ക് കുട്ടികളെ ഒരുക്കുന്നതിന് സഹായിക്കും.

ഗണിതലോകം

പട്ടികാപഠനം , അടിസ്ഥാന ക്രയാശേഷി ഉറപ്പിക്കൽ ഗണിതാശയങ്ങൾ മനസ്സിലാക്കൽ എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായി ഗെയിമുകൾ ,ഗണിതക്വിസ് എന്നീപ്രവർത്തനങ്ങൾ ആഴ്ചയിലൊരിക്കൽ നടത്തുന്നു.

**ഭവനസന്ദർശനങ്ങൾ**

കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനും അവരുടെ ജീവിത സാഹചര്യം മനസ്സിലാക്കുന്നതിനുമായി ഭവനസന്ദർശനങ്ങൾ നടത്തുന്നതാണ്. ഇത് പ്രധാനാദ്ധ്യാപൻ ഒറ്റക്കും അതെത്തുടർന്ന് അദ്ധ്യാപകരുടെ സംഘവും മൂന്ന് ടേമിലുമായി നടത്തുന്നതാണ്. ഇത്തരം പ്രവർത്തനം അദ്ധ്യാപക -രക്ഷാകർത്യ ബന്ധം മെച്ചപ്പെട്ടതാക്കുന്നതിന് സഹായിക്കും.

**എസ് .ആർ.ജി യോഗങ്ങൾ**

ഓരോ ആഴ്ചയിലും കുട്ടികളുടെ പഠന പാഠ്യേതര പ്രശ്നങ്ങളെ കണ്ടെത്തി കൂട്ടായ ചർച്ചയിലൂടെ പരിഹരിക്കുന്നതിനും പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി എസ്.ആർ.ജി യോഗങ്ങൾ നടത്തുന്നതാണ്.

**വിവിധ മത്സരങ്ങൾ**

സാദ്ധ്യമായ എല്ലാ മത്സരങ്ങളിലും കുട്ടികൾക്ക് പങ്കെടുക്കുന്നതിനുള്ള അവസരം നൽകുകയും വേണ്ട പരിശീലനം നൽകുകയും ചെയ്യുന്നതാണ് .വിദ്യാലയത്തിലെ പഠന സമയങ്ങൾ നഷ്ടപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ പരമാവധി ഒഴിവാക്കുന്നതാണ്.

**ആരോഗ്യകരമായ വിദ്യാലയാന്തരീക്ഷം**

കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുന്നതോടൊപ്പം ആരോഗ്യകരമായ വിദ്യാലയാന്ദരീക്ഷം സൃഷ്ടിക്കുന്നതിനും അദ്ധ്യാപകരുടെ കൂട്ടായ പരിശ്രമമുണ്ടാകും .അദ്ധ്യാപക – വിദ്യാർഥി ബന്ധം മെച്ചപ്പെട്ടതാക്കുന്നതിനും കുട്ടിക്ക് വിദ്യാലയം ഭയലേശമെന്യേ വന്നുചേരുന്നതിനുമുള്ള നല്ല ക്യാമ്പസ് ഒരുക്കുന്നതിനും നിലനിറുത്തുന്നതിനും പരിശ്രമിക്കും.

ഇതിനു മുന്നോടിയായി പുതിയ സ്കൂൾ കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുന്നതിനു വേണ്ട നടപടികൾ ആരംഭിക്കും.

**വിവിധ ആഘോഷങ്ങൾ**

എല്ലാ ആഘോഷങ്ങളും കുട്ടികളുടേതാക്കി മാറ്റിക്കൊണ്ട് അവയോരോന്നും അർഹിക്കുന്ന പ്രാധാന്യത്തോടെ തന്നെ വിദ്യാലയത്തിൽ ആഘോഷിക്കുന്നതാണ്. ഇവയോരോന്നിലും പി.റ്റി.എ യുടെ പങ്കാളിത്തം ഉറപ്പാക്കുന്നതുമാണ്.

**ഉപസംഹാരം**

ഒരു നല്ല വിദ്യാലയം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ രക്ഷിതാക്കളും അധ്യാപകരും മാതാപിതാക്കളും മാനേജ്മെന്റും ഒത്തുചേർന്ന് പ്രവർത്തിക്കുമ്പോഴാണ് മികച്ച നേട്ടം കൈവരിക്കാനാകുക . ഈ ലക്ഷ്യത്തിനായി ഒന്നിച്ച് മുന്നേറുമെന്ന ദൃഢപ്രതിജ്ഞയോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു

